**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1561** **12-02-2025 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശദമാക്കുമോ? | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. ഡിജിറ്റലൈസേഷൻ പദ്ധതി**<br><br>രജിസ്ട്രേഷൻ വകുപ്പിലെ പഴയ രജിസ്റ്റർ വാല്യങ്ങളുടെ സംരക്ഷണത്തിനും അവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിലേക്കുമായുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിൽ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 1968 മുതലുള്ള ആധാരങ്ങളുടെയും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കണ്ണൂർ, എന്നീ ജില്ലകളിൽ 1988 മുതലുള്ള ആധാരങ്ങളുടെയും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ 1998 മുതലുള്ള ആധാരങ്ങളുടെയും ഡിജിറ്റലൈസേഷൻ പൂർത്തിയായിട്ടുണ്ട്. ഡിജിറ്റലൈസേഷൻ പൂർത്തിയായിട്ടുള്ള ആധാര പകർപ്പുകൾ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തി ലഭിക്കുന്നതിനുള്ള സംവിധാനവും ആരംഭിച്ചിട്ടുണ്ട്.<br><br>**2. കൺസർവേഷൻ പദ്ധതി**<br><br>രജിസ്ട്രേഷൻ വകുപ്പിലെ സബ് രജിസ്ട്രാർ ഓഫീസുകളിലെ പഴയതും പൊടിഞ്ഞു പോയതുമായ ആധാര വാല്യങ്ങൾ ശാസ്ത്രീയമായി സംരക്ഷിച്ച് പൂർവ്വ സ്ഥിതിയിലാക്കുന്ന Conservation പദ്ധതി 2023-24 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ആദ്യ ഘട്ടത്തിൽ ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 23.08.2023 തീയതിയിൽ സിഡിറ്റിന് വർക്ക് ഓർഡർ നൽകി. പദ്ധതി പുരോഗമിച്ചു വരുന്നു. |

**3. എന്റെ ഭൂമി**

ഭൂമി ഇടപാടുകളുമായി ബന്ധപ്പെട്ട സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ അവരവരുടെ പോർട്ടലുകൾ വഴി നൽകിവരുന്ന സേവനങ്ങൾ ഏകജാലകം വഴി നൽകുന്നതിനായി ഒറ്റ പോർട്ടൽ രൂപകൽപ്പന ചെയ്ത് തുടർ നടപടികൾ ദ്രുതഗതിയിൽ നടത്തി വരുന്നു.

**4. ഇ-സ്റ്റാമ്പിംഗ്**

ഒരു ലക്ഷം രൂപ വരെ മുദ്രവില ആവശ്യമായി വരുന്ന രജിസ്ട്രേഷൻ/രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് നടപ്പിൽ വരുത്തി.

വാണിജ്യ ബാങ്കുകളിൽ നിന്നും ചെറുകിട വ്യവസായ വായ്പകളും വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഇ-സ്റ്റാംമ്പിംഗ് സൗകര്യമുപയോഗിച്ച് പൂർണ്ണമായി ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്ന ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം നടപ്പിലാക്കി.

**5. ഇ - ഓഫീസ്**

സംസ്ഥാനത്തെ 14 ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും 4 ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫീസിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുക വഴി വകുപ്പിൽ Paperless Administration രംഗത്ത് സുപ്രധാന ചുവടുവയ്പ്പ് നടത്തി.

**6. ബയോമെട്രിക് പഞ്ചിംഗ് സംവിധാനം**

രജിസ്ട്രേഷൻ വകുപ്പ് അദ്ധ്യക്ഷ കാര്യാലയത്തിലും വയനാട്, ഇടുക്കി ഒഴികെയുള്ള 12 ജില്ലാ രജിസ്ട്രാറുടെ കാര്യാലയങ്ങളിലും പഞ്ചിംഗ് മെഷീൻ മുഖേനയും ഫെയ്സ് റെക്കഗ്നിഷൻ ആപ്പ് മുഖേനയും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കി.

**7. അടിസ്ഥാന സൗകര്യ വികസനം.**

കോട്ടയം രജിസ്ട്രേഷൻ കോംപ്ലക്സ് ഉൾപ്പെടെ 22 പുതിയ ഓഫീസ് കെട്ടിടങ്ങളുടെ പ്രവർത്തനോദ്ഘാടനം നടത്തി.

20 സബ് രജിസ്ട്രാർ ഓഫീസുകളിലെ റിക്കാർഡ് മുറികളിൽ ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിച്ചു. 34 സബ് രജിസ്ട്രാർ ഓഫീസുകളിൽ ക്യാബിൻ വർക്ക് പൂർത്തീകരിച്ചു.

| | | | |
|---|---|---|---|
| | | | **<u>8. കമ്പ്യൂട്ടറൈസേഷൻ</u>**<br><br>169 പുതിയ കമ്പ്യൂട്ടറുകളും ജില്ലാ രജിസ്ട്രാർമാർക്ക് 34 ലാപ്ടോപ്പുകളും അനുവദിച്ചിട്ടുണ്ട്. 340 പുതിയ കമ്പ്യൂട്ടറുകൾക്ക് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 22 UPS കളുടെ ഇൻസ്റ്റലേഷൻ പുരോഗമിക്കുന്നു.<br><br>രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് സി-ഡിറ്റിന്റെ സഹകരണത്തോടെ പുതിയ രൂപകല്പനയോടെ പരിഷ്കരിച്ചു.<br><br>രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി കാര്യക്ഷമമാക്കുന്നതിനു വേണ്ടി ബി.എസ്.എൻ.എൽ ലുമായി സഹകരിച്ച് കൊണ്ട് ഓപ്റ്റിക്കൽ ഫൈബർ സർക്യൂട്ടുകൾ സ്ഥാപിച്ചു. |

സെക്ഷൻ ഓഫീസർ